## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 478. 19.03.2013 ൽ മറുപടിയ്ക്ക്

### പ്രൈവറ്റ് ബസുകൾക്ക് സൂപ്പർഫാസ്റ്റ് ബസ് പെർമിറ്റ്

| ചോദ്യം<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ) പ്രൈവറ്റ് ബസുകൾക്ക് സൂപ്പർഫാസ്റ്റ് ബസ് പെർമിറ്റ് നൽകുന്നതിന് പാലിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (എ) | നിയമാനുസൃതമായ അപേക്ഷകളിന്മേൽ 150 കി.മീറ്ററിനും 450 കി. മീറ്ററിനും ഇടയിൽ ദൈർഘ്യമുള്ള റൂട്ടുകളിൽ നിലവിലുള്ള സർക്കാർ വിജ്ഞാപനങ്ങൾക്കും 1988 ലെ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 80, 1989 ലെ കേരള മോട്ടോർവാഹന ചട്ടങ്ങളിലെ ചട്ടം 2 (യു സി), ചട്ടം 260 (എ) എന്നിവ പ്രകാരമാണ് സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് പെർമിറ്റ് നല്കുന്നത്. ഇങ്ങനെ കൊടുക്കുന്ന പെർമിറ്റ് അന്തർ ജില്ലാ പെർമിറ്റാണെങ്കിൽ അതാതു ആർ.ടി.എ.യുടെ പരിധിയിലെ റൂട്ട് ഭാഗങ്ങൾക്ക് അനുമതി ലഭിച്ചിരിക്കേണ്ടതാണ് . കേരള മോട്ടോർ വാഹന നിയമത്തിലെ റൂൾ 260(എ) അനുസരിച്ച് സൂപ്പർ ഫാസ്റ്റ് പെർമിറ്റ് കൊടുക്കുന്ന ബസ്സുകൾക്ക് 5 വർഷത്തിലേറെ രജിസ്ട്രേഷൻ പഴക്കം ഉണ്ടാകുവാൻ പാടില്ല . |
| (ബി) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ, കുറ്റിപ്പുറം എന്നീ നഗരങ്ങളിലെ പ്രൈവറ്റ് ബസ്സ്റ്റാന്റുകളിൽ സൂപ്പർഫാസ്റ്റ് ബസുകൾക്ക് സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| (സി) സ്വകാര്യ സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്കും, ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾക്കും സ്റ്റോപ്പുകൾ അനുവദിക്കുന്ന തിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പരിഗണിക്കുന്നത്; | (സി) | കേരള മോട്ടോർ വെഹിക്കിൾസ് റൂൾസിലെ റൂൾ 206 പ്രകാരം പൊതുജനങ്ങളുടെ സൗകര്യവും പ്രദേശത്തിന്റെ പ്രാധാന്യവും കണക്കിലെടുത്താണ് അതാത് ആർ. ടി.എ. കൾ സ്റ്റോപ്പുകൾ അനുവദിക്കുന്നത്.<br>സ്റ്റോപ്പുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക്, ടി സ്ഥലത്ത് സ്റ്റോപ്പ് ആവശ്യമാണോ എന്ന് മോട്ടോർ വാഹന വകുപ്പിലെ ഫീൽഡ് സ്റ്റാഫിനെ കൊണ്ട് അന്വേഷിപ്പിച്ച് പൊതുജനങ്ങൾക്ക് ഈ സ്റ്റോപ്പ് ആവശ്യമാണെന്നും, പ്രസ്തുത സ്ഥലത്ത് സ്റ്റോപ്പ് വരുന്നത് അപകടകരമല്ലെന്നും ഉറപ്പാക്കിയ ശേഷം ആർ.ടി.എ. ബോർഡിൽ വച്ച് തീരുമാനമെടുക്കുന്നു. |
| (ഡി) പ്രസ്തുത നിബന്ധനകൾ പാലിക്കാത്ത ബസ്സുടമകൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) | പൊതുജനങ്ങളിൽ നിന്നോ ബന്ധപ്പെട്ടവരിൽ നിന്നോ പരാതികൾ ലഭിക്കുന്ന മുറയ്ക്ക് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.